**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്**

**<u>പരിപത്രം</u>**

**നം.18/2023/ധന** **തിരുവനന്തപുരം, തീയതി:17/02/2023**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP)- ഗുണഭോക്താക്കളുടെ ഡാറ്റയിലെ തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ, മെഡിസെപ് മുഖേനയുള്ള റീഇംബേഴ്സ്മെന്റ് - തുടർ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി)നം. 70/2022/ധന തീയതി 23/06/2022

2) സ.ഉ.(അച്ചടി)നം.76/2022/ധന തീയതി 27/06/2022

3) സർക്കുലർ നം. 51/2022/ധന തീയതി 01/07/2022

4) സർക്കുലർ നം. 68/2022/ധന തീയതി 06/08/2022

5) 31/01/2023-ന ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയിൽ നിന്നും ധന(ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിനു ലഭിച്ച ഇ-മെയിൽ സന്ദേശം.

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം 01/07/2022 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

## <u>I. ഡാറ്റാ തിരുത്തൽ/കൂട്ടിച്ചേർക്കൽ സംബന്ധിച്ച്:</u>

മെഡിസെപ്-ന്റെ നടത്തിപ്പിനായി ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുക്കപ്പെട്ട ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവെച്ച ധാരണാപത്രം (MoU) പ്രകാരം, പദ്ധതി ആരംഭിച്ച് 60 ദിവസത്തിനുള്ളിൽ കൂട്ടിച്ചേർക്കലുകൾ/തിരുത്തലുകൾ എല്ലാം പൂർത്തിയാക്കി, ഗുണഭോക്താക്കളുടെ അന്തിമ ഡാറ്റാബേസ് സർക്കാർ ഇൻഷുറൻസ് കമ്പനിക്ക് കൈമാറണമെന്നും ആയതിനു ശേഷം പ്രസ്തുത ഡാറ്റാബേസിൽ യാതൊരു വിധമായ

കൂട്ടിച്ചേർക്കലുകളോ തിരുത്തലുകളോ അനുവദനീയമല്ലെന്നും നിഷ്കർഷിച്ചിരിക്കുന്നു. അതിൻ പ്രകാരം, ഗുണഭോക്താക്കളുടെ ഡാറ്റയിലെ തെറ്റുകൾ തിരുത്തുന്നതിനും ആശ്രിതരെ ഉൾപ്പെടുത്തുന്നതിനുമുള്ള സമയപരിധി നിരവധി തവണ നീട്ടി നൽകുകയും അവസാനമായി, ഡാറ്റയിൽ കൂട്ടിച്ചേർക്കലുകൾ/തിരുത്തലുകൾ വരുത്തുന്നതിനുള്ള അന്തിമ തീയതി **25.08.2022** ആണെന്നും ഈ തീയതിക്ക് ശേഷം വരുത്തുന്ന തിരുത്തലുകൾ മെഡിസെപ് ഐ.ഡി. കാർഡിൽ പ്രതിഫലിക്കില്ലായെന്നും, മെഡിസെപ് ഐ.ഡി. കാർഡിൽ പേരുൾപ്പെടുത്തിയിരിക്കുന്നവർക്ക് മാത്രമേ ഈ കാർഡിന്റെ ആനുകൂല്യത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി എംപാനൽ ചെയ്ത ആശുപത്രികളിൽ ചികിത്സാ സൗകര്യം ലഭിക്കുകയുള്ളൂവെന്നും സൂചന (4)-ലെ സർക്കുലർ മുഖാന്തിരം ഗുണഭോക്താക്കളെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത ഡാറ്റാബേസ് ഇൻഷ്വറൻസ് കമ്പനിക്കു കൈമാറുകയും, ശേഷം നിലവിലുള്ള ഗുണഭോക്താക്കൾക്ക് മെഡിസെപ് കാർഡിൽ യാതൊരു വിധത്തിലുള്ള കൂട്ടിച്ചേർക്കലുകളോ തിരുത്തലുകളോ സാധ്യമല്ലെന്ന് ഇൻഷ്വറൻസ് കമ്പനി സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സാഹചര്യത്തിൽ, **25.08.2022**-നു മുമ്പായി ശരിയായ വിവരങ്ങൾ വെരിഫൈ ചെയ്ത് അപ്ഡേറ്റ് ചെയ്തവർക്കു മാത്രമേ തിരുത്തലുകൾ വരുത്തിയ മെഡിസെപ് കാർഡ് ലഭ്യമാകുകയുള്ളൂ. **ആയതിനാൽ ഇപ്പോൾ സർക്കാർ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെയും സേവനത്തിൽ നിന്നും വിരമിച്ച പെൻഷൻകാരുടെയും നിലവിലുള്ള ആശ്രിതരെ (നവജാത ശിശുക്കൾ, പുതുതായി വിവാഹം കഴിയുന്നവർ എന്നീ വിഭാഗക്കാർ ഒഴികെ) മെഡിസെപ് ഐ.ഡി. കാർഡിൽ ഉൾപ്പെടുത്തണമെന്ന തരത്തിലുള്ള അപേക്ഷകളോ നിലവിലുള്ള വിവരങ്ങളിൽ തിരുത്തൽ വരുത്തണമെന്ന അപേക്ഷകളോ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ പരിഗണിക്കുന്നതല്ല.**

**<u>II. നവജാത ശിശുക്കളെ ആശ്രിതരായി മെഡിസെപ് കാർഡിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്:</u>**

നവജാത ശിശുക്കൾ ജനിച്ച് **180 ദിവസത്തിനുള്ളിൽ** മെഡിസെപ് പോർട്ടലിലെ ആശ്രിതരുടെ പട്ടികയിൽ കുഞ്ഞിന്റെ പേര് നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ പുതുതായി വിവാഹം കഴിയുന്നവർ, വിവാഹം കഴിഞ്ഞ് **ഒരു മാസകാലയളവിനുള്ളിൽ** പങ്കാളിയുടെ പേര് മെഡിസെപ് പോർട്ടലിലെ ആശ്രിതരുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇത്തരത്തിൽ ആശ്രിതരെ മെഡിസെപ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഡി.ഡി.ഒ.-മാർ/ട്രഷറി ഓഫീസർമാർ ആയത് സമയബന്ധിതമായി അപ്ഡേറ്റ് ചെയ്ത് വെരിഫൈ ചെയ്യേണ്ടതാണ്.

## III. പരാതി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്:

മെഡിസെപ് സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് എന്തെങ്കിലും പരാതി ഉണ്ടാകുന്ന പക്ഷം, സൂചന (2) -ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം മെഡിസെപ് വെബ്സൈറ്റിലെ Grievance Link -ലെ Level-I Grievance filing menu മുഖേന പരാതി സമർപ്പിക്കേണ്ടതാണെന്ന് സൂചന (4) സർക്കുലർ മുഖാന്തിരം ഗുണഭോക്താക്കളെ അറിയിച്ചിരുന്നു. എന്നാൽ, പദ്ധതി ആരംഭിച്ച് 7 മാസം പിന്നിട്ടിട്ടും ഇപ്പോഴും ധാരാളം പരാതികൾ ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ് മുഖേനയും ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുടെ ഓഫീസിൽ നേരിട്ടും, തപാൽമാർഗവും ഇ-മെയിൽ സന്ദേശം മുഖേനയും ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള പരാതികൾ പരിശോധിക്കുന്നതിന് തങ്ങൾക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് ഇൻഷുറൻസ് കമ്പനി സർക്കാരിനെ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ, ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിലോ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുടെ ഓഫീസിലോ കത്ത്/ഇ-മെയിൽ മുഖേന ലഭിക്കുന്ന പരാതികൾ ഇനി മുതൽ സ്വീകരിക്കുന്നതല്ല. പരാതികൾ കൃത്യമായി സൂചന (2), (4) എന്നിവയിൽ നിഷ്കർഷിക്കും പ്രകാരം മെഡിസെപ് വെബ്സൈറ്റിലെ **Grievance** ലിങ്കിലെ **Level -1, Level -2 Grievance filing** മെനുവിൽ നിർദ്ദേശിച്ചിരിക്കുന്നത് പ്രകാരം തന്നെ സമർപ്പിക്കേണ്ടതാണ്.

## IV. ഇൻഷുറൻസ് കമ്പനിയിൽ നിന്നും ലഭ്യമാകാവുന്ന റീഇംപേഴ്സ്മെന്റ് സംബന്ധിച്ച്:

ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവെച്ച ധാരണാപത്രം (MoU) പ്രകാരം **വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം** എന്നീ അടിയന്തിര സാഹചര്യങ്ങളിൽ മാത്രം മെഡിസെപ്-ൽ എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത ആശുപത്രികളിൽ ചെയ്യുന്ന അടിയന്തിര ചികിത്സ/ശസ്ത്രക്രിയകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷുറൻസ് കമ്പനി റീഇംപേഴ്സ്മെന്റ് അനുവദിക്കുന്നതാണ്. ഇത്തരത്തിൽ റീഇംപേഴ്സ്മെന്റിനായി അപേക്ഷിക്കുന്നതിനുള്ള ക്ലെയിം ഫോം മെഡിസെപ് വെബ്സൈറ്റിലെ **downloads** ലിങ്കിൽ ലഭ്യമാണ്. ഗുണഭോക്താക്കൾ പ്രസ്തുത ഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് കൃത്യമായി പൂരിപ്പിച്ച് സ്കാൻ ചെയ്ത് medisep@orientalinsurance.co.in എന്ന ഇ-മെയിൽ വിലാസത്തിൽ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിക്ക് അയക്കേണ്ടതാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

ആയതിന്റെ പകർപ്പ് info.medisep@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ കൂടി അയക്കേണ്ടതാണ്. ഇപ്രകാരം റീഇംബേഴ്സ്മെന്റ് ക്ലെയിം ഫോം പൂരിപ്പിക്കുന്നതിനു മുൻപായി ഫോമിലെ മാർഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതും ആവശ്യമായ രേഖകൾ ഫോമിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്. മേൽ സാഹചര്യത്തിൽ, ഇ-മെയിൽ/തപാൽമാർഗം ധനകാര്യ(ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിൽ ലഭിക്കുന്ന റീഇംബേഴ്സ്മെന്റ് ക്ലെയിം ഫോമുകൾ പരിഗണിക്കുവാൻ നിലവിൽ നിർവ്വാഹമില്ല.

## V . മെഡിസെപ് ഐ.ഡി സ്ഥായിയായിരിക്കുന്നത് സംബന്ധിച്ച്:

ഒരു ജീവനക്കാരന് ഒരു മെഡിസെപ് ഐ.ഡി. മാത്രമേ പാടുള്ളൂ.

(i) സേവന കാലയളവിൽ ഒരു ജീവനക്കാരൻ സ്പാർക് മുഖേന ശമ്പളവിതരണം നടത്തുന്ന മെഡിസെപ് ബാധകമായ ഓഫീസിൽ നിന്ന് സ്പാർക് മുഖേനയല്ലാതെ ശമ്പളവിതരണം നടത്തുന്ന മെഡിസെപ് ബാധകമായ ഓഫീസിലേക്കു പുതിയ നിയമനം ലഭിച്ച സേവനത്തിൽ പ്രവേശിക്കുകയും PEN നിർത്തലാക്കപ്പെടുകയും ആ വകുപ്പിലെ EMPLOYEE ID ലഭിക്കുകയും ചെയ്യുമ്പോഴും ആ ജീവനക്കാരന്റെ മെഡിസെപ് ഐ.ഡി. സ്ഥായിയായിരിക്കും.

(ii) അതുപോലെ തന്നെ, സേവന കാലയളവിൽ ഒരു ജീവനക്കാരൻ സ്പാർക് മുഖേന ശമ്പളവിതരണം നടത്തുന്ന മെഡിസെപ് ബാധകമായ ഓഫീസിൽ നിന്ന് മെഡിസെപ് ബാധകമല്ലാത്ത ഓഫീസിലേക്കു പുതിയ നിയമനം ലഭിച്ച സേവനത്തിൽ പ്രവേശിക്കുകയും PEN നിർത്തലാക്കപ്പെടുകയും ചെയ്യുമ്പോൾ ജീവനക്കാരന്റെ മെഡിസെപ് ഐ ഡി deactivate ചെയ്യുവാൻ ബന്ധപ്പെട്ട ഡി.ഡി.ഒ. ശ്രദ്ധിക്കണം. അതിനുശേഷം ആ ജീവനക്കാരന് സ്പാർക് മുഖേന ശമ്പള വിതരണം നടത്തുന്ന മെഡിസെപ് ബാധകമായ പുതിയ ഓഫീസിലേക്ക് ആറു മാസത്തിനുള്ളിൽ പുതിയ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ ടിയാൾക്ക് മറ്റൊരു PEN ആണ് നൽകുന്നതെങ്കിൽ പോലും മെഡിസെപ് ഐ.ഡി. സ്ഥായിയായിരിക്കും.

ഇപ്രകാരം, ജീവനക്കാർക്ക് ആദ്യം ലഭ്യമാകുന്ന മെഡിസെപ് ഐ.ഡി. തന്നെയാണ് വീണ്ടും മറ്റൊരു PEN/EMPLOYEE ID ലഭിക്കുമ്പോഴും നിലവിലുള്ളതെന്ന് ബന്ധപ്പെട്ട ഡി.ഡി.ഒ.-മാർ ഉറപ്പുവരുത്തേണ്ടതാണ്.

iii) ജീവനക്കാരൻ പെൻഷണർ ആകുന്ന സാഹചര്യത്തിലും പെൻഷണർ മരണപ്പെട്ട ആശ്രിതൻ കുടുംബ പെൻഷണർ ആകുന്ന സാഹചര്യത്തിലും മെഡിസെപ് ഐ.ഡി. സ്ഥായിയായിരിക്കും. ബന്ധപ്പെട്ട ട്രഷറി ഉദ്യോഗസ്ഥർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## VI. Part Salary പ്രോസസ്സ് ചെയ്യുന്ന സന്ദർഭത്തിൽ മെഡിസെപ് പ്രീമിയം ഈടാക്കുന്നത് സംബന്ധിച്ച്:

ഒരു ജീവനക്കാരൻ ഒരു വകുപ്പ്/സ്ഥാപനത്തിൽ നിന്നും മറ്റൊരു വകുപ്പ്/ സ്ഥാപനത്തിലേക്ക് പുതിയ നിയമനം ലഭിച്ച് സേവനത്തിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ, പഴയ വകുപ്പ്/സ്ഥാപനത്തിലെ ഡി.ഡി.ഒ.(Relieving DDO) പ്രസ്തുത ജീവനക്കാരന്റെ മെഡിസെപ് ഡാറ്റാ ലഭ്യമാക്കുന്ന മുറയ്ക്ക് പുതിയ വകുപ്പ്/സ്ഥാപനത്തിലെ ഡി.ഡി.ഒ. (Receiving DDO) മെഡിസെപ് പോർട്ടലിൽ ജീവനക്കാരന്റെ PEN/EMPLOYEE ID അപ്ഡേറ്റ് ചെയ്യേണ്ടതും LPC (Last Pay Certificate) പരിശോധിച്ച് സ്ഥലംമാറ്റം ചെയ്യപ്പെട്ട മാസത്തിലെ മെഡിസെപ് പ്രീമിയം പഴയ വകുപ്പ്/സ്ഥാപനത്തിൽ പ്രോസസ്സ് ചെയ്ത ശമ്പളവിഹിതത്തിൽ (Part Salary) നിന്നും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തുടർന്ന്, പുതിയ വകുപ്പ്/സ്ഥാപനത്തിൽ പ്രോസസ്സ് ചെയ്യപ്പെടുന്ന പ്രസ്തുത ജീവനക്കാരന്റെ ശമ്പളവിഹിതത്തിൽ നിന്നും (Part Salary) വീണ്ടും തൻമാസത്തെ പ്രീമിയം കിഴിവ് ചെയ്യപ്പെടുന്നില്ലായെന്ന് പുതിയ വകുപ്പ്/സ്ഥാപനത്തിലെ ഡി.ഡി.ഒ. ഉറപ്പുവരുത്തേണ്ടതാണ്.

മെഡിസെപ് ബാധകമായ NON-SPARK ഓഫീസിൽ നിന്നും സ്പാർക്ക് മുഖേന ശമ്പളവിതരണം നടത്തുന്ന മെഡിസെപ് ബാധകമായ മറ്റൊരു ഓഫീസിലേക്ക് പുതിയ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ, NON-SPARK ഓഫീസിൽ പ്രോസസ്സ് ചെയ്ത ശമ്പളവിഹിതത്തിൽ (Part Salary) നിന്നും മെഡിസെപ് പ്രീമിയം ഈടാക്കിയിട്ടുണ്ടെന്ന് പുതിയ ഓഫീസിലെ ഡി.ഡി.ഒ. പ്രസ്തുത ജീവനക്കാരന്റെ LPC (Last Pay Certificate) പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും സ്പാർക്ക് മുഖേന പ്രോസസ്സ് ചെയ്യുന്ന രണ്ടാമത്തെ ശമ്പളവിഹിതത്തിൽ (Part Salary) നിന്നും വീണ്ടും തൻമാസത്തെ പ്രീമിയം ഈടാക്കുന്നത് ഒഴിവാക്കാൻ ബന്ധപ്പെട്ട ഡി.ഡി.ഒ. സ്പാർക്ക് ഓഫീസിൽ നേരിട്ട് അപേക്ഷ നൽകി നടപടി കൈക്കൊള്ളേണ്ടതുമാണ്. ഇങ്ങനെ ചെയ്യുന്നത് വഴി, ജീവനക്കാർക്ക് ഒന്നിലധികം മെഡിസെപ് ഐ.ഡി. ലഭിക്കുകയും അതുവഴി ഇൻഷ്വറൻസ് കമ്പനിക്ക് ഒന്നിലധികം തവണ ഒരു ജീവനക്കാരന്റെ പ്രീമിയം ലഭിക്കുകയും ചെയ്യുന്നത്

ഒഴിവാക്കാൻ സാധിക്കുമെന്നതിനാൽ, പ്രസ്തുത നിർദ്ദേശം ഡി.ഡി.ഒ.-മാർ കർശനമായി പാലിക്കേണ്ടതാണ്.

**ഷിബു എ.**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ganesh Alt

സെക്ഷൻ ഓഫീസർ